കാഞ്ഞങ്ങാട് മിനി സിവിൽസ്റ്റേഷൻ

171 (1214) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മിനി സിവിൽസ്റ്റേഷൻ ഉദ്ഘാടനം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മിനി സിവിൽസ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, അതിനാവശ്യമായ തുക വകയിരുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(സി) സിവിൽസ്റ്റേഷൻ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാഞ്ഞങ്ങാട് മിനി സിവിൽസ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ കാസർഗോഡ് ജില്ലാകളക്ടർ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം ഹോസ്ദുർഗ് താലൂക്ക് ഓഫീസ് കാഞ്ഞങ്ങാട് മിനി സിവിൽസ്റ്റേഷനിലേക്ക് മാറ്റുന്നതിന് മുന്നോടിയായി താലൂക്കിലേക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ കാസർഗോഡ് ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

(സി) ഹോസ്ദുർഗ് താലൂക്ക് ഓഫീസ് മാർച്ച് അവസാനവാരം തന്നെ കാഞ്ഞങ്ങാട് മിനി സിവിൽസ്റ്റേഷനിൽ പ്രവർത്തനം ആരംഭിക്കുന്നതും കാഞ്ഞങ്ങാട് മിനി സിവിൽസ്റ്റേഷനിലേയ്ക്ക് മാറ്റാനുള്ള മറ്റ് ഓഫീസുകൾ ഉടൻതന്നെ മിനി സിവിൽസ്റ്റേഷനിലേയ്ക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുവാനുള്ള നിർദ്ദേശം കാസർഗോഡ് ജില്ലാ കളക്ടർ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly